ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി1/9869/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 17.06.2013.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഡ്രൈവേഴ്സ് ബാഡ്ജിന് 10-)o ക്ലാസ്സ് വിദ്യാഭാസ യോഗ്യത നിഷ്ക്കർഷിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുമുള്ള മേലെഴുത്ത് കത്ത് നമ്പർ 933/വിഐപി/2013/എം(പി &റ്റിആർ)
2. 05/06/2013 തീയതിയിലെ ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ നിർദ്ദേശം

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം സർക്കാരിൽ നിന്നും അയച്ചുതന്ന ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ 20/04/2013 തീയതിയിലെ കത്തിൽ ചൂണ്ടി കാട്ടിയിട്ടുള്ളത് ട്രാൻസ്പോർട്ട് വാഹനം ഓടിക്കുവാൻ ലൈസൻസ് ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത 8-)o ക്ലാസ്സ് പാസ്സാകണമെന്ന കേന്ദ്ര ചട്ടം വന്നതിനുശേഷം 10-)o ക്ലാസ്സ് വരെ പഠിച്ചവർക്കെ ടാക്സി ഓടിക്കുന്നതിനുള്ള ബാഡ്ജ് നൽകൂ എന്ന് പറഞ്ഞ് പല റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും അപേക്ഷകരെ തിരിച്ചയക്കുന്നതായി പരാതി ഉയർന്നിട്ടുണ്ട് എന്നാണ്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 അനുസരിച്ച് ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-)o ക്ലാസ്സ് പാസ്സായിരിക്കണം എന്നുള്ളതാണ്. പ്രസ്തുത ചട്ടത്തിന് വിരുദ്ധമായി ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് 10-)o ക്ലാസ്സ് യോഗ്യത നിഷ്കർഷിക്കുന്നുണ്ടെങ്കിൽ കർശനമായും അത്തരം തീരുമാനങ്ങൾ പിൻവലിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,

18/6/13

സീനിയർ സൂപ്രണ്ട്.

എസ്.കെ.

17.6.13